# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം.4666 22-03-2018-ലെ മറുപടിക്ക്

**ചോദ്യം**

ശ്രീ.മുല്ലക്കര രത്നാകരൻ
ശ്രീ.ജി.എസ്. ജയലാൽ
ശ്രീ.ഇ.കെ. വിജയൻ
ശ്രീ.വി.ആർ. സുനിൽ കുമാർ

**ഉത്തരം**

ഡോ.ടി.എം. തോമസ് ഐസക്ക്
ധനകാര്യവും കയറും വകുപ്പ് മന്ത്രി

**ഭരണചെലവും എസ്റ്റാബ്ലിഷ്മെന്റ് ചെലവും കുറക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ**

| | | |
|---|---|---|
| (എ) | സംസ്ഥാന സർക്കാർ ചെലവ് കുറക്കുന്നതിന്റെ ഭാഗമായി ഉദ്യോഗസ്ഥർക്ക് ഔദ്യോഗിക കൃത്യങ്ങൾ മുടക്കാതെ പരമാവധി ഓഫീസിൽ ഇരുന്നുകൊണ്ട് യോഗങ്ങളിൽ പങ്കെടുക്കാൻ സാധിക്കുന്ന തരത്തിൽ വീഡിയോ കോൺഫറൻസിംഗ് സംവിധാനം വ്യാപകമാക്കുന്നതിന് നടപടി സ്വീകരിക്കുമോ ; | ഇക്കാര്യം സർക്കാർ പരിഗണനയിലാണ്. |
| (ബി) | സർക്കാരിന്റെ ഭരണചെലവുകളും എസ്റ്റാബ്ലിഷ്മെന്റ് ചെലവുകളും കുറക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ ; | നിലവിലുള്ള വ്യയനിയന്ത്രണ ഉത്തരവുകൾ കർശനമായി പാലിച്ചുകൊണ്ടും ധൂർത്തും അനാവശ്യചെലവുകൾ ഒഴിവാക്കിയും ചെലവുകളിൽ മിതത്വം പുലർത്തിയുമുള്ള നടപടികളിലൂടെ സാമ്പത്തിക അച്ചടക്കം ഉറപ്പുവരുത്തുവാനായി ചുവടെ ചേർക്കുന്ന നിയന്ത്രണങ്ങൾ സർക്കാരിന്റെ പരിഗണനയിലാണ്.<br>(i) അത്യന്താപേക്ഷിതമായ ഘട്ടങ്ങളിൽ വർക്ക്സ്റ്റഡി നടത്തിയതിനു ശേഷമേ തസ്തികകൾ സൃഷ്ടിക്കുകയുള്ളൂ. കൂടാതെ പുനർ വിന്യാസത്തിനുള്ള സാധ്യതകൾകൂടി പരിശോധിച്ച ശേഷമായിരിക്കും തസ്തികകൾ അനുവദിക്കുക.<br>(ii) നിലവിലുള്ള ഗ്രാൻഡ്-ഇൻ-എയ്ഡ് സ്ഥാപനങ്ങളുടെ പെർഫോമൻസ് ഓഡിറ്റ് നടത്തുന്ന കാര്യം സർക്കാർ ഉദ്ദേശിക്കുന്നു. കർശനമായ |
| (സി) | വാഹന, ഇന്ധന ചെലവുകൾ കുറക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ ; | |
| (ഡി) | കമ്മ്യൂണിക്കേഷൻ ചെലവുകൾ സൽക്കാര ചെലവുകൾ മറ്റ് ആഡംബര ചെലവുകൾ എന്നിവ കുറയ്ക്കുന്നതിന് നടപടി സ്വീകരിക്കുമോ ; വ്യക്തമാക്കുമോ ? | |

| | | |
|---|---|---|
| | | പരിശോധനയ്ക്കുശേഷമേ ഇത്തര ത്തിലുള്ള പുതിയ സ്ഥാപനങ്ങൾ അനുവദിക്കുകയുള്ളൂ.<br>(iii) സർക്കാർ വകുപ്പുകളിൽ വാഹനങ്ങളുടെ രജിസ്റ്ററുണ്ടാക്കി ഓരോ വർഷവും വാഹനങ്ങളുടെ എണ്ണം കുറയ്ക്കുന്നതിനാവശ്യമായ നടപടികൾ പ്രാരംഭ ഘട്ടത്തിലാണ്. വാഹനം വാങ്ങാനുള്ള അനുമതി ഒഴിവാക്കാനാവാത്ത സന്ദർഭങ്ങളി ലായി പരിമിതപ്പെടുത്തും. പതിനാല് ലക്ഷത്തിൽ കൂടുതൽ വിലയുള്ള കാറുകൾ നിരുത്സാഹപ്പെടുത്തും.<br>(iv) അത്യാവശ്യ സാഹചര്യത്തിൽ മാത്രമേ വിദേശ യാത്രകൾ അനുവദിക്കുകയുള്ളൂ. വീഡിയോ കോൺഫറൻസ് സംവിധാനം ഉപയോഗപ്പെടുത്തി യാത്രാചെലവു കൾ കുറയ്ക്കുന്നതിന് ക്രിയാത്മക മായ നടപടികൾ സർക്കാരിന്റെ ആലോചനയിലാണ്.<br>(v) നിലവിലുള്ള ലാന്റ്ലൈൻ ടെലഫോൺ കണക്ഷനുകളുടെ ചെലവുകൾ കുറയ്ക്കുവാനുതകുന്ന തരത്തിൽ ചെലവുകുറഞ്ഞ മൊബൈൽ കണക്ഷനുകളിലേയ്ക്ക് മാറുവാൻ നിർദ്ദേശം നൽകുന്നതാണ്. |

അക്കൗണ്ട്സ് ഓഫീസർ